വിഭാവനം ചെയ്യുന്ന ഒരു ഏകീകൃത നിയമത്തിനായുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ സഭയുടെ പരിഗണനയിലാണ്.

83 (375) കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറുടെ ചുമതല കൈമാറാൻ നടപടി

ശ്രീ. വി. ബാലറാം ;
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറുടെ ചുമതല അഡീഷണൽ സെക്രട്ടറി ശ്രീ. വി.സി. സുബ്രഹ്മണ്യനെ ഏൽപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നുവോ;

(ബി) അതനുസരിച്ച് ചാർജ്ജെടുക്കാൻ ചെന്ന ശ്രീ. സുബ്രഹ്മണ്യന് കമ്മീഷണറുടെ ചുമതല നൽകാതിരുന്നത് എന്തുകൊണ്ടാണ്;

(സി) അതിനുത്തരവാദി ആരാണെന്നു വ്യക്തമാക്കുമോ;

(ഡി) ഹൈക്കോടതിയുടെ ഉത്തരവ് ലംഘിച്ചതിന്മേൽ എന്ത് നടപടിയെടുത്തു?

ഉത്തരം

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൂന്ന് വർഷത്തേയ്ക്ക് കൊച്ചി ദേവസ്വംബോർഡ് കമ്മീഷണറായി തിരഞ്ഞെടുത്ത് നിയമിക്കുന്നതിന് ഏറ്റവും അനുയോജ്യനായ വ്യക്തി നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. വി.സി. സുബ്രഹ്മണ്യനാണെന്ന് ബഹു:കേരള ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

(ബി)&(സി) ദേവസ്വംബോർഡ് പ്രസിഡന്റിന്റെ അനുവാദം ഇല്ലാതിരുന്നതിനാൽ ശ്രീ. സുബ്രഹ്മണ്യന് കമ്മീഷണറുടെ ചുമതല ഏൽപ്പിച്ചുകൊടുക്കാൻ ദേവസ്വംബോർഡിന് ആദ്യം സാധിച്ചില്ല എന്നും, എന്നാൽ പ്രസിഡന്റിനെ സ്ഥാനത്ത്നിന്ന് നീക്കിനിർത്തി ബോർഡിന്റെ ചുമതലകൾ സെക്രട്ടറിയെ ഏൽപ്പിച്ചുകൊണ്ട് ബഹു:ഹൈക്കോടതി ഉത്തരവായതിനെ തുടർന്ന് ജൂൺ 5-ന് കമ്മീഷണറുടെ ചുമതലകൾ ശ്രീ. സുബ്രഹ്മണ്യന് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട് എന്നും ദേവസ്വംബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് ബഹു: കേരള ഹൈക്കോടതിയിൽ സി.സി. സി. 211/99, സി.സി.സി.246/99 നമ്പർ കേസ്സുകൾ നിലവിലുണ്ട്.

84 (376) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly